(ബി) എല്ലാ വകുപ്പുകളും അതിൻപ്രകാരം വ്യക്തമായ കണക്കുകൾ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(സി) വ്യക്തമായ കണക്കുകൾ നൽകിയിട്ടില്ലാത്ത വകുപ്പുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി &സി) ബാധകമല്ല.

വിവിധ വകുപ്പുകൾ സർക്കാരിലേയ്ക്ക് നൽകേണ്ട കുടിശ്ശിക തുക

130 (476) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 വർഷക്കാലത്തെ റവന്യൂ വരുമാന വർദ്ധന നിരക്ക് എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) വിവിധ വകുപ്പുകൾ സർക്കാരിലേയ്ക്ക് നൽകേണ്ട തുക എത്രയാണ് കുടിശ്ശികയായതെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിന്റെ വകുപ്പുകൾ തിരിച്ച കണക്ക് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു :

	2011-12	2012-13	2013-14	2014-15 ജനുവരി മാസം വരെയുള്ള കണക്കുകൾ
റവന്യൂവരുമാന വർദ്ധന നിരക്ക്	22.65	16.12	11.42	18.30*

* മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിലെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോഴുള്ള വളർച്ചാനിരക്ക്

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly